വരുമാന സർട്ടിഫിക്കറ്റ്

27. [1589] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക കുടുംബ വരുമാനം കാണിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ നൽകുമ്പോൾ ഓരോ കുട്ടിക്കും ഒരു നിശ്ചിത തുകയുടെ കിഴിവ് അനുവദിക്കാൻ വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിശ്ചിത തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കുട്ടികളിൽ കൂടുതലുള്ള കുടുംബാംഗങ്ങൾക്കാണ് ഈ കിഴിവ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അഞ്ചിൽ കവിഞ്ഞുള്ള ഓരോ അംഗത്തിനും ഒരു കിഴിവ് അനുവദിക്കാറുണ്ട്.

(ബി, സി) മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെയുള്ള അംഗങ്ങൾ അഞ്ചിൽ കവിയുന്ന കുടുംബങ്ങളിലാണ് ഇത്തരം കിഴിവ് അനുവദിക്കാറുള്ളത്. ഈ കിഴിവ് കുടുംബത്തിന്റെ വരുമാനം, കുടുംബത്തിന്റെ മറ്റു പരിഗണനകൾ എന്നിവ കണക്കാക്കി സർട്ടിഫിക്കറ്റ് നൽകാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ യുക്തം പോലെ തീരുമാനിക്കുകയാണ്.

തഹസിൽദാർമാർക്ക് പോലീസ്/മജിസ്റ്റീരിയൽ ട്രെയിനിംഗ്

28 [1590] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഹസീൽദാർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് പോലീസ്/മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും വേണമെന്ന് നിബന്ധന നിലവിലുണ്ടോ;

(ബി) ഇൻകമസ്റ്റാക്ക് തയ്യാറാക്കുന്നതിലും മജിസ്റ്റീരിയൽ കേസുകളും റെന്റ് കൺട്രോൾ കേസുകളും തീർപ്പ് കൽപ്പിക്കുന്നതിന് ഉത്തരവാദപ്പെട്ട ലോക്കൽ തഹസീൽദാർമാർ ഇത്തരം ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്തവരാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ ട്രെയിനിംഗ് ഇല്ലാത്ത എത്ര തഹസീൽദാർമാരുണ്ട്;

(ഡി) ഇത്തരത്തിൽ ആവശ്യമായ ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്ത തഹസീൽദാർമാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly